94 (2280) വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിത്യോപ യോഗസാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം നിയന്ത്രിക്കുവാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പാവപ്പെട്ട ജനങ്ങൾക്ക് റേഷൻ അരിയുടെ വിലയിൽ ഇളവ് അനുവദിക്കുക വഴി ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഗവൺമെന്റ് എന്തു തുകയാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്; ഇതിന്റെ ഗുണഭോക്താക്കൾ എത്ര?

ഉത്തരം

(എ) നിത്യോപയോഗസാധനങ്ങളുടെ വില പിടിച്ചു നിർത്തുന്നതിന് വിപുലവും കാര്യക്ഷമവുമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 19.8.96 മുതൽ സംസ്ഥാനത്തെ മുഴുവൻ കാർഡുടമകൾക്കും ആഴ്ചയിൽ 4 കിലോഗ്രാം അരി എന്ന തോതിൽ കിലോഗ്രാമിന് നിലവിലുള്ള റേഷൻ വില യേക്കാൾ ഒരു രൂപ കുറച്ച് വിതരണം ചെയ്തുവരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 25.23% ഗുണഭോക്താക്കൾക്ക് പുറമേ സംസ്ഥാന സർക്കാർ ചെലവ് വഹിച്ചുകൊണ്ട് 17% കുടുംബങ്ങളെകൂടി ഉൾപ്പെടുത്തി 42% കാർഡുടമകൾക്ക് കിലോഗ്രാമിന് 3 രൂപ 90 പൈസ നിരക്കിൽ പ്രതിമാസം 10 കിലോഗ്രാം അരി വിതരണം ചെയ്തുവരുന്നു. വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മാവേലി സ്റ്റോറുക ളുടെ പ്രവർത്തനം വിപുലീകരിക്കുകയും മാവേലി സ്റ്റോറുകൾ ഇല്ലാത്ത 126 പഞ്ചായത്തുകളിൽക്കൂടി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി കൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത രണ്ടായിര ത്തിൽപ്പരം റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും നിയ ന്ത്രിതവിലയ്ക്ക് വിൽപ്പന നടത്തിവരുന്നു. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തട യുന്നതിനായി ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സെല്ലു കളും പ്രവർത്തിക്കുന്നുണ്ട്. ഈ നടപടികൾ പൊതുകമ്പോളത്തിലെ വില പിടിച്ചുനിർത്തുന്നതിനും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്ന തിനും സഹായിക്കുന്നു.

(ബി) സംസ്ഥാനസർക്കാർ നടപ്പാക്കിയിട്ടുള്ള ഒരു രൂപ സബ്സിഡി പദ്ധതിക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് പകുതി വിലയ്ക്കും അരി നൽകുന്ന പദ്ധതിയുമായി ഗവൺമെന്റിന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെലവായ തുക താഴെ കൊടുത്തിരിക്കുന്നു.

വർഷം	ചെലവായ തുക
1996-97	54.46 കോടി രൂപ
1997-98	97 കോടി രൂപ
1998-99	102 കോടി രൂപ
(3/99 വരെ)	
4/99	9 കോടി രൂപ
5/99	9 കോടി രൂപ
6/99	9.50 കോടി രൂപ
ആകെ	**280.96 കോടി രൂപ**

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതികളുടെ ആനുകൂല്യം സംസ്ഥാനത്തെ 61,18,293 കാർഡുടമകൾ അനുഭവിക്കുന്നത്.

95 (2281) മൊബൈൽ വിജിലൻസ് സ്കാഡിന്റെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള മൊബൈൽ വിജിലൻസ് സ്കാഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സ്കാഡ് 1998-99 വർഷത്തിൽ എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) ചാർജ്ജ് ചെയ്ത കേസ്സിൽ ഏതെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതു വിതരണശൃംഖല വഴി ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും വിതരണം നടത്തുന്നുണ്ട് എന്നത് ഉറപ്പുവരുത്തുക, കാർഡുടമകൾക്ക് പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുക തുടങ്ങിയവയാണ് മൊബൈൽ വിജിലൻസ് സ്കാഡിന്റെ പ്രവർത്തനം.

(ബി) 1998-99 വർഷത്തിൽ ആകെ 595 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി.

(സി)&(ഡി) ചാർജ്ജ് ചെയ്ത കേസ്സിൽ 41 എ.ആർ.ഡി.-യും ഒരു മൊത്ത വ്യാപാര ഡിപ്പോയും ഉൾപ്പെടെ 42 കടകൾ സസ്പെന്റ് ചെയ്യുകയുണ്ടായി. അവയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടിയിട്ടുണ്ട്. ഇതുകൂടാതെ ദുരുപയോഗം ചെയ്ത സാധനങ്ങളുടെ വിലയായി തൃശ്ശൂരിൽ നിന്നും 2,49,188 രൂപയും കോട്ടയത്തു നിന്ന് 1,55,234 രൂപയും കോഴിക്കോട് നിന്നും 75,683 രൂപയും (ആകെ 4,80,105 രൂപ) ഈടാക്കുകയും ചെയ്തിട്ടുണ്ട്.

96 (2282) റേഷൻ കടകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ സ്റ്റോക്കും വിതരണവും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണം ചെയ്യാനുള്ള അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയവ ഹോട്ടലുകൾക്കും മറ്റു കടകൾക്കും വിൽക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly